Karmela Sandesham
Vol. 188 (2004)
PP. 73-

Review of Qambel Maran
by Fr. Kurian Perumpallikkunnel



# പാലയ്ക്കൽ യൗസേപ്പ് കത്തനാരുടെ 'ഖമ്പൽ മാറാനും' കേരള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രബോധവും

ഫാ. കുര്യൻ പെരുമ്പള്ളിക്കുന്നേൽ സി.എം.ഐ.

സർവ്വസംഹാരികളായ രാസ–ജൈവ ആയുധങ്ങൾ (WMD) യ്ക്കു മേൽ അടയിരിക്കുന്ന രാക്ഷസരാജാവെന്നാരോപിച്ച് സദ്ദാം ഹുസൈനെന്ന ഇറാക്കി ഭരണാധിപനെ അയാൾ ഒളിച്ചിരുന്ന നിലവറക്കുഴിയിൽ നിന്നും പുകച്ചു പുറത്തുചാടിച്ച് ലോകരക്ഷകനായി സ്വയം അവരോധിച്ച വർക്കിച്ചൻ കുറ്റിക്കാട്ടിൽ (ജോർജ് ബുഷ്) സർവ്വ മുഷ്ക്കരത്വത്തോടും കൂടി വാണരുളുന്ന അമേരിക്കൻ ഐക്യനാടുകളിൽ വച്ചാണ് അത് കാണുവാനും കേൾക്കുവാനും എനിക്കിടവന്നത്. എന്താണെന്നോ? നമ്മുടെ പാലയ്ക്കൽ യൗസേപ്പു കത്തനാരുടെ വക 'ഖമ്പൽ മാറാൻ' എന്ന CD!

ഏഴാം കടലിനക്കരെ മാത്യു ചീരാങ്കുഴിയച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ ഒരു "കർമ്മലീത്താ സ്പിരിച്വാലിറ്റി സെന്റർ" രൂപം കൊണ്ടു കൊണ്ടേയിരിക്കുന്നു എന്ന സത്യം, കാണാതെ വിശ്വസിച്ചിരുന്ന ഒരു ഭാഗ്യവാനായിരുന്നു ഞാൻ. എന്നാൽ അതു കണ്ടും തൊട്ടും വിശ്വസിക്കാനൊരവസരം കൈവന്നപ്പോൾ, മാർ തോമാ പിന്തുടർച്ചക്കാരനായതുമൂലമാവാം, അതു പാഴാക്കേണ്ട എന്നു കരുതി. അങ്ങോട്ടുള്ള യാത്രാമദ്ധ്യേയാണ് ആതിഥേയന്റെ CD കളുടെ ഇടയിൽ ഇരുന്ന് 'ഖമ്പൽ മാറാൻ' (കർത്താവേ സ്വീകരിച്ചാലും) എന്റെ ശ്രദ്ധ ക്ഷണിച്ചത്. വേഗം ഞാനത് പുറത്തെടുത്തു. അത് CD പ്ലേയറിൽ തിരുകാനാണെന്റെ ഭാവം എന്നു മനസ്സിലാക്കിയ എന്റെ ആതിഥേയൻ എന്നെ വെറുതെ മോഹഭംഗപ്പെടുത്തേണ്ട





എന്ന നല്ല ഉദ്ദേശത്തോടെ ഇങ്ങനെ പറഞ്ഞു: "സുഹൃത്തേ, വെറുതെ കർണ്ണസൗഖ്യം കളയുന്നതെന്തിന്? അത് നമ്മുടെ പഴയ സുറിയാനിപ്പാട്ടുകളാണ്. നമ്മുടെ പാലയ്ക്കലച്ചന്റെ ഒരു (വി) കൃതി എന്നു പറഞ്ഞാൽ മതിയല്ലോ, അതോ (കു) ശൃതിയോ?"

പൊടുന്നനെയുണ്ടായ ഈ നിരുത്സാഹപ്പെടുത്തൽ എന്റെ ഉത്സാഹത്തെ പ്രതികൂലമായി ബാധിച്ചുവെങ്കിലും ജിജ്ഞാസയെ തൊട്ടുണർത്തിയെന്നു പറയുന്നതാവാം ശരി. ഞാൻ CD യുടെ കവർ തിരിച്ചും മറിച്ചും പരിശോധിച്ചു. അതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ പട്ടികയിൽ ആബേലച്ചൻ, പ്രോബുസച്ചൻ, ലിബേരിയൂസച്ചൻ, മുട്ടത്തച്ചൻ, സൂസോ അച്ചൻ, ഏർത്തയിലച്ചൻ എന്നിങ്ങനെ ഒത്തിരി പ്രഗത്ഭരുടെ പേരുകൾ കണ്ടപ്പോൾ "എന്നാൽ ഇതൊന്നു കേട്ടിട്ടുതന്നെ കാര്യം" എന്ന് കരുതി ഞാൻ CD പുറത്തെടുത്തു. യാത്രയിലുടനീളം അതിലെ ഗാനങ്ങൾ സഹിക്കേണ്ടി വരുമോ എന്ന ഭയന്നിട്ടോ, അതു ശ്രവിച്ച് ഞാൻ ഭഗ്നാശനായി തീരരുതെന്ന സ്നേഹബുദ്ധി കൊണ്ടോ ആതിഥേയൻ വീണ്ടും എന്നോടു പറഞ്ഞു: "യേശുദാസിനേപ്പോലുള്ള നല്ല നല്ല പാട്ടുകാർ നമുക്കുള്ളപ്പോൾ ആ പാവം വല്യച്ചന്മാരെ ഈ വയസ്സാം കാലത്ത് ഈവിധം കഷ്ടപ്പെടുത്തേണ്ട വല്ല ആവശ്യവുമുണ്ടായിരുന്നോ ആ പാലയ്ക്കലച്ചന്. മാത്രമല്ല, നല്ല അടിപൊളി സംഗീതോപകരണങ്ങൾ അരങ്ങുതകർക്കുന്ന ഇക്കാലത്ത് ആ പഴയ തിരിയാങ്കോലും (ട്രയാംഗിൾ എന്നതിന്റെ മലയാളീകരിച്ച വാക്ക്!) ഹാർമോണിയവും, റാബേയ്ക്കുമൊക്കെയായി "ഈഞ്ഞാവലിച്ച്" പാട്ടു റിക്കോർഡു ചെയ്താൽ ആരു വാങ്ങാനാ? ആരു കേൾക്കാനാ? പിന്നെ "നമ്മുടെ സഭാംഗമല്ലേ, പ്രോത്സാഹിപ്പിച്ചു കളയാം എന്നു കരുതി ഞാനൊരെണ്ണം വാങ്ങിയെന്നേയുള്ളൂ. വേണേൽ അതെടുത്തോ, വീട്ടിൽ കൊണ്ടുപോയി ഇഷ്ടം പോലെ കേട്ടോ."

ഞാൻ CD ശ്രവണം തല്ക്കാലത്തേയ്ക്ക് വേണ്ട എന്നുവച്ച്



P. 74

വീണ്ടും CD യുടെ കവർ തിരിച്ചും മറിച്ചും പരിശോധിച്ചു തുടങ്ങി. അപ്പോഴാണ് അതിന്റെയുള്ളിൽ പത്തു പതിനാലു പേജ് വരുന്ന ഒരു ബുക്ക്ലെറ്റ് ഒളിപ്പിച്ചുവച്ചിരിക്കുന്നത് കാണുവാനിടയായത്. ഞാനെടുത്ത് വായിച്ചുതുടങ്ങി. ഇളകിയോടുന്ന ശകടത്തിലിരുന്ന് കുനുകുനെയുള്ള അക്ഷരങ്ങളുടെ പൊരുൾ തിരിക്കാൻ ഞാൻ നന്നേ പാടുപെട്ടു.

അതു വായിച്ചു തീർന്നപ്പോഴാണ് പാലയ്ക്കലച്ചന്റെ അനേക വർഷത്തെ തപസ്യയുടേയും സാധനയുടേയും സഭാസ്നേഹത്തിന്റെയും ഗവേഷണ പഠനങ്ങളുടേയും മൂർത്തരൂപമാണെന്റെ കൈകളിലിരിക്കുന്നെനിക്ക് ബോദ്ധ്യമായത്. അതിന്റെ പേരിൽ അദ്ദേഹം തീർച്ചയായും അഭിനന്ദനവും പ്രോത്സാഹനവും അംഗീകാരവും അർഹിക്കുന്നു. അടുത്തിരുന്ന് ജാഗ്രതയോടെ വണ്ടിയുടെ ചക്രം തിരിക്കുന്ന ആതിഥേയനോടായി ഞാൻ പറഞ്ഞു.

“പാലയ്ക്കലച്ചൻ ഈ ചെയ്തിരിക്കുന്നത് മഹത്തായ ഒരു കാര്യമാണ്. ഇത് നമ്മുടെ നഷ്ടപ്പെട്ടു പോകുന്ന ഒരു പാരമ്പര്യത്തെ പരിരക്ഷിക്കാനുള്ള അഭിനന്ദനീയമായ ഒരു സംരംഭമാണ്. ഇത് നമ്മുടെ പാരമ്പര്യ സ്വത്താണ്! സഹസ്രാബ്ദങ്ങളായി നമ്മുടെ പൂർവ്വീകർ കാത്തു സൂക്ഷിച്ച അമൂല്യ സ്വത്ത്! അതിന്റെ അവസാനത്തെ കണ്ണികളും ഇന്നിതാ തേഞ്ഞുമാഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മൾ മാർ തോമാ ക്രിസ്ത്യാനികൾ ചരിത്രബോധം തീരെയില്ലാത്തവരാണ്. പഴയതൊക്കെ കഴിയുംവേഗം ഒഴിവാക്കിയിരിക്കണം എന്ന കാര്യത്തിന് നമ്മുടെ ഇടയിൽ രണ്ടഭിപ്രായം ഉണ്ടാവാറില്ല. പഴയതൊക്കെ ഭാരമാണ്! സ്ഥലം മെനക്കെടുത്തലാണ്! താളിയോല ഗ്രന്ഥങ്ങൾ സ്വന്തമായുണ്ടായിരുന്ന തറവാട്ടുകാർ അതൊക്കെ പണ്ടേയ്ക്കുപണ്ടേ ചവറ്റുകുട്ടയിൽ തട്ടി. പഴയ പുസ്തകങ്ങൾ കിട്ടിയ വിലയ്ക്ക് കടല കച്ചവടക്കാർക്കു വിറ്റു. പഴയ പള്ളിക്കും പള്ളിക്കൂടത്തിനും കൊവേന്തയ്ക്കുമൊക്കെ





വിസ്താരവും പ്രതാപവും പോരെന്നു തോന്നിയപ്പോൾ അവയൊക്കെ ഇടിച്ചുനിരത്തി അവയുടെ നെഞ്ചത്തുതന്നെ പുതിയവ പണിത് നമ്മൾ പഴമയുടേയും പാരമ്പര്യത്തിന്റേയും നാരായവേരുതന്നെ അറുത്തു. എന്നിട്ട് ഞെളിഞ്ഞു നിന്ന് വീമ്പു പറയുകയാണ് 'ഞങ്ങൾ പുരാതന തറവാട്ടുകാരാണ് – മാർ തോമായാൽ മാർഗ്ഗം കൂടിയവരാണ്' എന്നെല്ലാം. ഏതെങ്കിലുമൊരു സായിപ്പ്, 'ഈ പറയുന്നതിന് തെളിവെന്തെങ്കിലുമുണ്ടോ' എന്നു ചോദിക്കുമ്പോഴാണ് മാർ തോമാ ക്രിസ്ത്യാനി വാലുമടക്കി, തലയും ചൊറിഞ്ഞു നിൽക്കുന്നത്. നസ്രാണി ക്രിസ്ത്യാനികളുടെ ചരിത്രമറിയണമെങ്കിൽ റോമിലേയോ, ലിസ്ബണിലേയോ, പേർഷ്യയിലേയോ ഒക്കെ ആർക്കേവുസുകളിൽ തെരയേണ്ട ഗതികേടിലാണു നാം'.

അമൂല്യമായ ചരിത്രരേഖകൾ കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ നമ്മൾ എന്നും വളരെ വളരെ പിൻപന്തിയിലായിരുന്നു. തങ്ങൾക്കു പാരമ്പര്യമായി കിട്ടിയതെന്നു പറഞ്ഞു പ്രദർശിപ്പിക്കാൻ മിക്ക തറവാട്ടുകാർക്കും ഒന്നുമില്ലെന്നതാണു വസ്തുത. എന്തിനു മറ്റുള്ളവരെ പഴിക്കണം? സി.എം.ഐ. സഭയുടെ ഹൈറേഞ്ച്, മലബാർ, വടക്കേ ഇന്ത്യൻ, മുന്നേറ്റങ്ങളുടെ ആധികാരികമായ ഒരു ചരിത്രം നമുക്കിന്നും ഇല്ലല്ലോ. പുനരൈക്യ പ്രസ്ഥാനവും അതിൽ ചെത്തിപ്പുഴ കൊവേന്തയും നമ്മുടെ സഭംഗങ്ങളും വഹിച്ച പങ്കും ഇന്ന് പൂഴിമണ്ണിലെഴുതിയ കവിത പോലെയായിരിക്കുന്നു. റോക്കോസ്, മേലൂസ് ശീശ്മകളുടെ കാലത്ത് സാഹസകൃത്യങ്ങളിലൂടെ വീരേതിഹാസം രചിച്ച പിതാമഹന്മാരുടെ ചരിത്രമുറങ്ങുന്ന തറവാടാണു സി.എം.ഐ. സഭ എന്നറിയുന്ന സഭാ തനയർ ഇന്നെത്ര പേരുണ്ട്? മാർ തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തറവാടാണ് സി.എം.ഐ. സഭയെന്ന സത്യം പ്രഘോഷിക്കാൻ അവയേപ്പറ്റി കേട്ടറിവു പോലുമില്ലാത്ത സഭാ തനയർക്കെങ്ങനെ സാധിക്കും?

മാർ തോമാ ക്രിസ്ത്യാനികൾക്ക് പഴമയോടെന്തോ പകയുള്ള

മട്ടാണ്. സായിപ്പന്മാർ അവരുടെ വല്ല്യ വല്ല്യ കാർന്നോന്മാരുപയോഗിച്ചിരുന്ന 'ലങ്കോട്ടി' വരെ പ്രദർശിപ്പിച്ച് സന്ദർശകരെ ആകർഷിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുമ്പോൾ നമ്മൾ നമ്മുടെ ചിരവയും കിണ്ടിയും ഓട്ടുവിളക്കും മെതിയടിയും കരണ്ടിയും ത്രാസും പറയും നിലവിളക്കും മുഴക്കോലും തളയും വളയും കട്ടിക്കാപ്പും കുണുക്കും കവണിയും ചട്ടയും മുണ്ടുമെന്നുവേണ്ട നിത്യോപയോഗത്തിലില്ലാത്തതെല്ലാം 'മോഡേൺ' അല്ലാത്തവയെല്ലാം വിറ്റൊഴിവാക്കി വീടുകളിലെ സ്വീകരണമുറിയിലെ ഷോക്കേസുകൾ ഫോറിൻ കള്ളുകുപ്പികൾ കൊണ്ടലങ്കരിക്കുന്നതിന്റെ തിരക്കിലാണ് . ഭക്തചിത്രങ്ങൾക്കും വിശുദ്ധന്മാരുടെ പ്രതിമകൾക്കുമെല്ലാം അവ "ഫാഷിനബിൾ" അല്ലെന്ന കാരണത്താൽ നിലവറ കുഴിയിലേയ്ക്ക് സ്ഥലമാറ്റം കൊടുത്തിരിക്കുന്നു!

ഇതിന്റെയൊക്കെ പ്രതിഫലനം നമ്മുടെ ഇളം തലമുറകളിൽ കണ്ടു തുടങ്ങിയിട്ടുണ്ട്. സ്വന്തം സംസ്കാരത്തോടും വേരുകളോടും ഭാഷയോടുമൊക്കെ ഒരു പുച്ഛവും അവജ്ഞയും. ഏതാനും മാസങ്ങൾക്കുമുമ്പ് ഒരു ഫോറിൻ റിട്ടേൺസ് സുറിയാനി ക്രിസ്ത്യാനിയുടെ അഞ്ചാം തരത്തിൽ പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം മകനോട് അപ്പോൾ റേഡിയോയിൽ നിന്ന് നിർഗമിച്ചു കൊണ്ടിരുന്ന "ലജ്ജാവതിയേ, നിന്റെ കള്ളകടക്കണ്ണിൽ..." എന്ന മലയാള സിനിമാഗാനം പാടിയതാരാണെന്നറിയാമോ എന്നു ഞാൻ ചോദിക്കാനിടയായി. ഉടൻ വന്നു ഉത്തരം: "I don't know anything about Malayalam movies and songs. They are so boring. I only watch English movies". ഞാൻ ആകെ ചമ്മിപ്പോയി. എങ്കിലും മനസ്സിലോർത്തു. "ഈ പയ്യൻ അവന്റെ തന്തയുടേയും തള്ളയുടേയും ഇംഗ്ലീഷ് "hopelessly poor" ആണെന്നും 'ഗ്രാൻപാ'യും 'ഗ്രാൻമാ'യും ശുദ്ധ കൺട്രികളാകയാൽ friends ന്റെ മുന്നിൽ presentable അല്ലെന്നും പറയുന്നതു കേൾക്കാൻ വളരെ ഒന്നും കാത്തിരിക്കേണ്ടി വരില്ല". അവന്റെ മമ്മി എന്നോട് "എന്റെ കുട്ടികൾക്ക് മല്യാലം കുരച്ചു കുരച്ചേ അരിയൂ" എന്ന് അഭി





മാനപൂർവ്വം പറഞ്ഞുകഴിഞ്ഞിട്ട് അധികസമയമായിരുന്നില്ല. സ്വന്തം വേരുകളോർത്തു ലജ്ജിക്കുന്ന ഒരു തലമുറ!

ഇത്തരുണത്തിലാണ് നമ്മുടെ പാലയ്ക്കലച്ചന്റെ 'ഖമ്പൽ മാറാ'ന്റെ പ്രസക്തി സുതാര്യമാവുന്നത്. ചരിത്രം നിർമ്മിക്കുകയും ചരിത്രം രേഖപ്പെടുത്തിവയ്ക്കുകയും ചെയ്യുന്നത് മനുഷ്യന്റേതു മാത്രമായ ഒരു സിദ്ധിയാണ്. മാർ തോമാ ക്രിസ്ത്യാനികൾ ചരിത്രം സൃഷ്ടിച്ചിട്ടുള്ളവരാണെങ്കിലും അതു രേഖപ്പെടുത്തിവയ്ക്കാനും ചരിത്രസ്മാരകങ്ങൾ നിലനിർത്താനും സംരക്ഷിക്കാനും മെനക്കെടാതിരുന്നതിന്റെ തിക്തഫലം ഏറ്റവുമധികം അനുഭവിക്കുന്നത് അവരെപ്പറ്റി ശാസ്ത്രീയമായി പഠനം നടത്താൻ ഇറങ്ങി പുറപ്പെടുന്ന ഗവേഷകരാണ്.

പാലയ്ക്കലച്ചന്റെ ഈ സംരംഭത്തെ കുറിച്ച് ഒത്തിരിയേറെ പറയുവാനുണ്ട്. പക്ഷേ വിസ്താരഭയത്താൽ ഞാനതിനുദ്യമിക്കുന്നില്ല. താല്പര്യവും സന്മനസ്സുമുള്ളവർ 'ഖമ്പൽമാറാൻ' വാങ്ങി വായിച്ച്, കേട്ട് ആസ്വദിക്കട്ടെ. അതിന് ഈ തലമുറയിൽ ആളെ കിട്ടിയില്ല എന്നാകിൽ പാലയ്ക്കലച്ചൻ ഇപ്രകാരം സമാധാനിക്കട്ടെ, "ഞാനിത് വരും തലമുറകൾക്കായി ചെയ്തു" എന്ന്. പാലയ്ക്കലച്ചനും അദ്ദേഹത്തിന്റെ 'ഖമ്പൽ മാറാനും' ഈ അനുജന്റെ നമോവാകം! 'മാറാൻ' അങ്ങയുടെ ഈ അർച്ചന, കുചേലന്റെ 'അവൽപ്പൊതി' ശ്രീകൃഷ്ണൻ സുരഭില നൈവേദ്യമായി കൈക്കൊണ്ടപ്പോലെ, സ്വീകരിക്കുമാറാകട്ടെ. വരും തലമുറകൾ അങ്ങയുടെ ഈ അദ്ധ്വാനഫലം കൃതജ്ഞതാഭരിതരായി നെഞ്ചിലേറ്റി നടക്കട്ടെ. ഇപ്രകാരമുള്ള നിഷ്കാമ കർമ്മങ്ങളാൽ ജീവിതം ധന്യമാക്കുവാനും ജന്മസാഫല്യം കൈവരിക്കുവാനും പാലയ്ക്കലച്ചൻ വെട്ടിത്തുറന്ന ഈ പാത പിൻതുടരുന്ന ഇളംതലമുറക്കാർ സി.എം.ഐ. സഭയിൽ ഇനിയുമുണ്ടാകട്ടെ. ഇതാണെന്റെ ആശംസയും പ്രാർത്ഥനയും.